**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 97** **04-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് എം.പിയ്ക്കെതിരെയുള്ള ആക്രമണ ശ്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് എം പിയെ ട്രെയിനിൽവച്ച് അക്രമിക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് എം.പി പരാതി നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ബഹു.എം.പി ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 11.08.2021 തീയതി ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നം. 763/2021 U/s 120(B), 307 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിന് ആസ്പദമായ സംഭവസ്ഥലം കാസർഗോഡ് റെയിൽവേ പോലീസ് സ്റ്റേഷൻ പരിധിയിൽ ആയതിനാലും ടി സംഭവത്തിന് കാസർഗോഡ് റെയിൽവേ പോലീസ് സ്റ്റേഷനിൽ 08.08.2021 തീയതിയിൽ ക്രൈം നം. 14/2021 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതിനാലും ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് ക്രൈം നം. 14/2021-ൽ ക്ലബ് ചെയ്ത് U/s 294(b) 506 120(B) 307 r/w 34 IPC ആയി റെയിൽവേ പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. |
| (ഡി) | ആരൊക്കെയാണ് പ്രതികൾ; പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | 1) പത്മരാജ്.കെ, 2)അനിൽകുമാർ.ടി.വി, 3) ഭവിൻരാജ് എന്നിവരാണ് ടി കേസിലെ പ്രതികൾ. ഇതിൽ ഒന്നും രണ്ടും പ്രതികളെ ക്രൈം നമ്പർ 14/2021 U/s 294(b), 506 r/w 34 IPC കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ളതും സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. കേസിലെ മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഇ) | കേസ്സിൽ പ്രതികളായവർക്ക് രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | പ്രതികൾ കോൺഗ്രസ് പാർട്ടി പ്രവർത്തകരാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ് |

സെക്ഷൻ ഓഫീസർ